## പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 5566** 2-11-2016 -ൽ **മറുപടിക്ക്**

### കൊഴിഞ്ഞാമ്പാറ, എരുത്തിയാമ്പതി ഗ്രാമപഞ്ചായത്തുകളിലെ വോൾട്ടേജ് ക്ഷാമം

| | ചോദ്യം<br>ശ്രീ. കെ. കൃഷ്ണൻകുട്ടി: | | ഉത്തരം<br>ശ്രീ. കടകംപള്ളി സുരേന്ദ്രൻ<br>(വൈദ്യുതിയും ദേവസ്വവും വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | പാലക്കാട് ജില്ലയിലെ കൊഴിഞ്ഞാമ്പാറ, എരുത്തിയാമ്പതി ഗ്രാമ പഞ്ചായത്തുകളിലെ വോൾട്ടേജ് ക്ഷാമം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | ഇവിടെ അഡീഷണലായി ട്രാൻസ്ഫോർമറുകൾ അനുവദിക്കുന്നതിനായി എന്തൊക്കെ നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ? | (ബി) | താമരക്കുളം, ഗാന്ധിനഗർ, തെക്കേചള്ള എന്നീ സ്ഥലങ്ങളിൽ 11 കെ.വി ലൈൻ വലിച്ച് 100 കെ.വി.എ ട്രാൻസ്ഫോർമർ സ്ഥാപിക്കുന്ന പ്രവൃത്തി ഈ വർഷത്തെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി ചെയ്തു വരുന്നു. കൂടാതെ പാറക്കുളം, തിരുവണ്ടിപള്ളം എന്നീ സ്ഥലങ്ങളിൽ 100 കെ.വി.എ ട്രാൻസ്ഫോർമർ 160 കെ.വി ആയി ഉയർത്തുന്ന പ്രവൃത്തികൾ, പണിക്കാരകളം, ആർ.വി പുതൂർ എന്നീ സ്ഥലങ്ങളിൽ 100 കെ.വി.എ ട്രാൻസ്ഫോർമർ സ്ഥാപിക്കുന്ന ജോലികൾ എന്നിവ അടുത്ത വർഷത്തെ വാർഷിക പദ്ധതിയിൽ (2017-18)-ൽ ഉൾപ്പെടുത്തിയിട്ടുണ്ട്. |

Hemalatha

**സെക്ഷൻ ഓഫീസർ**